**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1878** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കട്ടിപാറ ഗ്രാമപഞ്ചായത്തിലെ കല്ലുള്ള തോട് അംഗൻവാടി വഴി ആശ്വാസ കിരണം പദ്ധതി ധനസഹായത്തിനായി 14/2/2019-ന് ടി. പി. ശശിധരൻ എന്നയാൾ 70% ചലന വൈകല്യമുള്ള തന്റെ ഭാര്യ ഷൈലജ വി. യെ പരിചരിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (എ) | ശ്രീ.ടി.പി. ശശിധരൻ എന്നയാൾ ആശ്വാസകിരണം പദ്ധതി ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽനിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്കാണ് നിലവിൽ ധനസഹായം അനുവദിച്ചുവരുന്നത്.<br><br>2018 മാർച്ച് 31 ന ശേഷം അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കുന്ന വിഷയം പരിശോധിച്ച് വരുന്നു. ആയത് നടപ്പിലാകുന്നമുറക്ക് ശ്രീ.ടി.പി. ശശിധരന്റെ അപേക്ഷയിൽ അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ അപേക്ഷകന് ആശ്വാസകിരണം പദ്ധതി വഴി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രീ.ടി.പി. ശശിധരൻ എന്നയാൾ ആശ്വാസകിരണം പദ്ധതി ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽനിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്കാണ് നിലവിൽ ധനസഹായം അനുവദിച്ചുവരുന്നത്.<br><br>2018 മാർച്ച് 31 ന ശേഷം അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കുന്ന വിഷയം പരിശോധിച്ച് വരുന്നു. ആയത് നടപ്പിലാകുന്നമുറക്ക് ശ്രീ.ടി.പി. ശശിധരന്റെ അപേക്ഷയിൽ അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ